87616/2018
05/12/18

## ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

**ഹാജർ : എ. റ്റി. ജെയിംസ്, ഐ.എ.എസ്.**

**(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം)**

എൽ.ആ.(എ) 3 - 42256/2018 തീയതി : 28/11/2018.

ഉത്തരവ്

വിഷയം : കേരള മുദ്രപത്ര നിയമം 54(2) - ആധികാരിക മുദ്ര നിർണ്ണയ ഉത്തരവ് നൽകുന്നത് - സംബന്ധിച്ച്.

പരാമർശം : രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ ആർ.ആർ. 4/5138/2018 നമ്പർ റിപ്പോർട്ട്.

തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടം സബ് രജിസ്ട്രാർ ഓഫീസിൽ 2797/16-ാം നമ്പരായി രജിസ്റ്റർ ചെയ്ത പാട്ടാധാരത്തിന്റെ പിഴ തിരുത്തായി എഴുതിയിരിക്കുന്ന ആധാരത്തിന്റെ മുദ്രവില നിർണ്ണയത്തിനായാണ് തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) കേരള മുദ്രപ്പത്ര നിയമം വകുപ്പ് 54(2) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ (ജനറൽ) മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

വെള്ള പേപ്പറിൽ തയ്യാറാക്കിയ ആധാരം Electronics Technology Parks, Kerala (Technopark) എന്ന കമ്പനിക്കുവേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ഋഷികേശൻ നായർ, Vinvish Technologies Private Ltd. എന്ന കമ്പനിക്കുവേണ്ടി എംപ്ലോയി വെൽഫെയർ ഓഫീസർ ശ്രീ. ഉദയകുമാർ. കെ. പി. എന്നിവർ ചേർന്ന് എഴുതിപ്പിടിപ്പിച്ച 2797/16 നമ്പർ ആധാരത്തിന്റെ പിഴ തിരുത്താധാരമാണ്.

മുന്നാധാരത്തിൽ നിന്ന് സാരമായ മാറ്റവും, ഭൗതികമാറ്റവും സംഭവിച്ചിരിക്കുന്നതിനാൽ പ്രസ്തുത പാട്ടക്കരാറിനെ ഒരു പുതിയ കരണമായി കണക്കാക്കാവുന്നതാണെന്ന അഭിപ്രായമാണ് ജില്ലാ രജിസ്ട്രാർ രേഖപ്പെടുത്തിയത്. മുന്നാധാരത്തിൽ നിന്ന് വിസ്തീർണ്ണം, എല്യക എന്നിവയിലും സർവ്വെ നമ്പരിലും വ്യത്യാസം വരുന്നതിനാൽ ഭൗതികമാറ്റം സംഭവിച്ചിരിക്കുന്നുവെന്നും ആയതിനെ പുതിയ പാട്ട ആധാരമായി കണക്കാക്കാവുന്നതും SRO No. 1137/2010 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം മാതൃകരണമായ ആധാരത്തിന് മുദ്രവിലയിളവുള്ളതിനാൽ ടി ആധാരത്തിന്റെ അനുബന്ധമായിട്ടുള്ള ബന്തവസാധാരത്തിനു സ്റ്റാമ്പ് ഡ്യൂട്ടി രജിസ്ട്രേഷൻ ഫീസ് എന്നിവ ചുമത്തേണ്ടതില്ല എന്ന അഭിപ്രായം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ബന്തവസാധാരം പരിശോധിച്ചതിൽ മുന്നാധാരത്തിലെ ചില സർവ്വെ നമ്പരുകൾ ഒഴിവാക്കിയും ചില സർവ്വെ നമ്പരുകളിൽ വസ്തു കൂട്ടിച്ചേർത്തും വിസ്തീർണ്ണത്തിലും എല്ലുകയിലും മാറ്റം വരുത്തിയുമാണ് പിഴ തിരുത്താധാരം രജിസ്റ്റർ ചെയ്തിരിക്കുന്നത്. രജിസ്ട്രേഷൻ മാന്വൽ 221 പ്രകാരം ഒരു പിഴ തിരുത്താധാരം പുതിയ അവകാശത്തെ ജനിപ്പിക്കുകയോ ഉള്ള അവകാശത്തെ ഇല്ലാതാക്കുകയോ ചെയ്താൽ ആയത് പട്ടികയിൽ ഏതു ഗണത്തിൽ ഉൾപ്പെടുന്നുവോ ആയതിന്റെ മുദ്രവില ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു.

പ്രസ്തുത ബന്തവസാധാരത്തിൽ മുന്നാധാരത്തിലെ 339/5 (Part), 339/9, 339/13, 339/16 എന്നീ സർവ്വെ നമ്പരുകൾ ഒഴിവാക്കുകയും ബാക്കിയുള്ള സർവ്വെ നമ്പരുകളിൽ വിസ്തീർണ്ണം കൂട്ടി ചേർക്കുകയും ചെയ്തിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ ബന്തവസാധാരത്തെ പാട്ടാധാരമായി കണക്കാക്കാവുന്നതും ആയതിന്റെ മാതൃകരണത്തിന് മുദ്രവില ഒഴിവാക്കിയിട്ടുള്ളതിനാൽ അനുബന്ധമായ ടി കരണത്തിനും മുദ്രവില അടയ്ക്കേണ്ടതില്ല എന്ന രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ അഭിപ്രായത്തോട് യോജിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
**കമ്മീഷണർ**

സ്വീകർത്താവ് :

1. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.
2. ജില്ലാ രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം (ഐ.ജി.ആർ. മുഖേന)
3. കരുതൽ ഫയൽ
4. അധിക പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സൂപ്രണ്ട്

Endt. No. RRA-5138/2018. അസിസ്റ്റന്റ് ഐ.ജി. ഓഫീസ്, TVPM, 07-12-2018.

ഉത്തരവിന്റെ പകർപ്പ് തുടർനടപടികൾക്കായി അയക്കുന്നു.

അസിസ്റ്റന്റ് ഐ.ജി.-രജിസ്ട്രേഷൻ.
P.K. SAJANKUMAR
JOINT I.G. OF REGISTRATION

To
ജില്ലാ രജിസ്ട്രാർ (ജനറൽ)
തിരുവനന്തപുരം.